പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2476

18.07.2011-ൽ മറുപടിയ്ക്ക്

പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണത്തിനുള്ള മാനദണ്ഡം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ.കെ. ലതിക : | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. | പി.എം.ജി.എസ്.വൈ. പ്രകാരം റോഡുകൾ ഏറ്റെടുത്ത് പരിഷ്കരണ പ്രവർത്തികൾ നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | എ. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പരിഷ്കരണ പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500-ലധികം ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കുവാനുള്ള പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മീ. ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br>2. പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ്വർക്കിന്റെ ഒരു ഭാഗമായിരിക്കണം(നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്)<br>3. കൂടുതൽ ആളുകൾക്ക്/ആവാസ കേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.<br>4. ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>(5). ഈ പദ്ധതി പ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കേണ്ടതാണ്. |
| ബി. | റോഡുകളുടെ വീതി സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും ഇളവുകൾ ലഭിച്ചിട്ടുണ്ടോ ; | ബി. 1-1-2011 മുതൽ 6 മീറ്റർ വീതിയുള്ള റോഡുകളും ഏറ്റെടുക്കുവാൻ അനുവദിച്ചിട്ടുണ്ട്. |

ഇല്ലെങ്കിൽ ഇളവു ലഭിക്കുന്നതിന് സംസ്ഥാന സി. ബാധകമല്ല.
സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

സെക്ഷൻ ഓഫീസർ.